केनरा बैंक Canara Bank
Together We Can



# എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ

## *ഫെബ്രുവരി 2018*

**ലക്കം: 2 / 2018**

***എല്ലാ എൻ ആർ ഐ ഇടപാടുകാർക്കും ഞങ്ങളുടെ ആശംസകൾ !***




## *ബഡ്ജറ്റ് 2018 വിശദാംശങ്ങൾ*

- കൃഷി, ഗ്രാമവികസനം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഇടത്തരവും ചെറുതുമായ ഉദ്യമങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളെ പരിപോഷിപ്പിക്കുക എന്നതാണ് ഈ ബഡ്ജറ്റിന്റെ ദൗത്യം.
- തുടർച്ചയായുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ ഭാരതത്തെ ലോകത്തിലെ വളർന്നുകൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥകളിലൊന്നായി മാറ്റും എന്നാണ് സർക്കാർ പറയുന്നത്. നിർമ്മാണം, സേവനം, കയറ്റുമതി എന്നീ മേഖലകൾ ഗണ്യമായ വളർച്ചയുടെ പാതയിൽ നീങ്ങവേ ഒടുവിൽ നമ്മുടെ രാജ്യം 8% വളർച്ച കൈവരിക്കാനുള്ള പ്രയാണത്തിലാണ്.

- മിക്കവാറും മുണ്ടകൻ കാർഷിക വിളകളുടെ കാര്യത്തിലെന്ന പോലെ പ്രഖ്യാപിക്കപ്പെടാത്ത എല്ലാ വിരിപ്പ് കാർഷിക വിളകൾ നിന്നും അവയുടെ ഉത്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി ഏറ്റവും കുറഞ്ഞ താങ്ങു വില; കാർഷികാവശ്യങ്ങൾക്കായി സ്ഥാപനങ്ങൾ നൽകുന്ന വായ്പ 2014–15ൽ 8.5 ലക്ഷം രൂപയിൽ നിന്നും 2018–19ൽ 11 ലക്ഷം രൂപയായി ഉയർത്തി.
- 86% ചെറുകിട-ഇടത്തരം കർഷകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി 22000 ഗ്രാമ ചന്തകൾ സ്ഥാപിക്കുകയും അവയെ ഗ്രാമീണ കാർഷിക മാർക്കറ്റുകളായി ഉയർത്തുകയും ചെയ്യുക.
- കർഷകരുടേയും ഉപഭോക്താക്കളുടേയും നന്മക്കായി ഉരുളക്കിഴങ്ങ്, തക്കാളി, ഉള്ളി എന്നിവയുടെ വിലകളിൽ വരുന്ന ഏറ്റകുറച്ചിലുകൾ നേരിടാനായി 'ഓപറേഷൻ ഗ്രീൻ' പദ്ധതി.
- മത്സ്യവ്യവസായം, മൃഗസംരക്ഷണം എന്നീ മേഖലകൾക്കായി 10,000 കോടി രൂപയുടെ രണ്ട് പുതിയ ഫണ്ടുകൾ, പുനർസംഘടിപ്പിച്ച നാഷണൽ ബാംബൂ മിഷന് 1290 കോടി രൂപ
- മഹിളാ സ്വയം സഹായ സമൂഹങ്ങൾ ഉള്ള വായ്പ കഴിഞ്ഞ വർഷത്തെ 42,500 കോടി രൂപയിൽ നിന്ന് 2019ൽ 75,000 കോടി രൂപയായി ഉയരും.
- താഴ്ന്ന-ഇടത്തരം വരുമാനക്കാർക്ക് സൗജന്യ എൽ പി ജി കണക് ഷൻ, വൈദ്യുതി, ശൗചാലയങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഉജ്ജ്വല, സൗഭാഗ്യ, സ്വച്ഛ് മിഷൻ എന്നിവക്ക് ഉയർന്ന ടാർഗറ്റുകൾ.
- ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ എന്നിവക്കായി വകയിരുത്തിയത് 1.38 ലക്ഷം കോടി രൂപ. രണ്ടായിരത്തി ഇരുപത്തിരണ്ടാം ആണ്ടോടെ ഓരോ ട്രൈബൽ ബ്ലോക്കിലും ട്രൈബൽ വിദ്യാർത്ഥികൾക്കായി ഏകലവ്യ റെസിഡെൻഷ്യൽ സ്ക്കൂളുകൾ. പട്ടിക ജാതികൾക്കായുള്ള ക്ഷേമനിധിക്ക് ധനസഹായം.
- രണ്ടും മൂലം ഘട്ടങ്ങളിലെ ചികിത്സക്കായി ഒരു കുടുംബത്തിന് ഏറ്റവും കൂടിയത് 5 ലക്ഷം രൂപയുടെ ധനസഹായത്തോടെ നിർദ്ധനരും രോഗങ്ങൾക്ക് എളുപ്പം ഇരയായേക്കാവുന്നവയുമായ 10 കോടി കുടുംബങ്ങളെ ഉൾപ്പെടുത്തി ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷ പദ്ധതി.
- ധനകമ്മി 3.5 ശതമാനത്തിൽ പിടിച്ചു നിർത്തി; 2018–19ൽ ഇത് 3.3 ശതമാനമായിരിക്കും എന്നാണ് അനുമാനിക്കപ്പെടുന്നത്.
- അടിസ്ഥാനസൗകര്യങ്ങൾക്കായി 5.97 ലക്ഷം കോടി രൂപ വകയിരുത്തി.
- പത്ത് പ്രമുഖ സ്ഥലങ്ങൾ രാഷ്ട്രത്തിന്റെ പ്രാതിനിദ്ധ്യസ്വഭാവമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കും.
- നീതി ആയോഗ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസിനെ കുറിച്ച് രാജ്യവ്യാപകമായ ഒരു പരിപാടിയും റോബോട്ടിക്സ്,ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് തുടങ്ങിയവയെകുറിച്ചുള്ള കേന്ദ്രങ്ങളും സമാരംഭിക്കും.
- ഓഹരി വിൽപന 72,500 കോടി രൂപയുടെ ലക്ഷ്യവും കടന്ന് 100,000 കോടി രൂപയിലെത്തി.
- മഞ്ഞ ലോഹത്തെ ഒരു ആസ്തിയുടെ ശ്രേണിയിലേക്കുയർത്താനായി സമഗ്ര സ്വർണ്ണ നയം പരിഗണനയിലുണ്ട്.
- കർഷക ഉത്പാദക കമ്പനിയായി രജിസ്റ്റർ ചെയ്തതും 100 കോടി രൂപ വാർഷിക വിറ്റുവരവുള്ളതുമായ കമ്പനികൾക്ക്, 2018–19 മുതൽ അഞ്ചു വർഷത്തേക്ക് അവയുടെ പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ച ലാഭത്തിന്മേൽ 100% കിഴിവ്.
- കൂടുതൽ തൊഴിൽ സൃഷ്ടിക്കാനായി, പാദരക്ഷ-തുകൽ വ്യവസായങ്ങൾ പുതിയ ജീവനക്കാർക്ക് നൽകുന്ന പ്രതിഫലത്തിൽ സെക്ഷൻ 80–ജെ ജെ എ എ അനുസരിച്ച് 30% കിഴിവ് 150 ദിവസങ്ങളായി ഉയർത്തി.
- സർക്കിൾ റേറ്റ് മൂല്യം, വിലയുടെ 5 ശതമാനത്തിൽ കൂടാതിരിക്കുമ്പോൾ സ്ഥാവര വസ്തുക്കളുടെ ഇടപാടുകളിന്മേൽ യാതൊരു മാറ്റവുമില്ല.
-

- തീരെ ചെറുതും , ചെറുതും ഇടത്തരവുമായ ഉദ്യമങ്ങൾക്ക് പ്രയോജനപ്പെടാനായി 50 കോടി രൂപയിൽ താഴെ വിറ്റുവരവുള്ള കമ്പനികൾക്ക് ഇപ്പോൾ (സാമ്പത്തിക വർഷം 2015-16) ലഭ്യമായ 25 ശതമാനത്തിന്റെ കുറഞ്ഞ നിരക്ക് സാമ്പത്തിക വർഷം 2016-17ൽ 250 കോടി രൂപയുടെ വിറ്റുവരവുള്ള കമ്പനികൾക്ക് ലഭ്യമാക്കാൻ നിർദ്ദേശം.
- വാഹന ബത്ത, പലവക ചികിത്സാ ചെലവുകളുടെ തുക തിരിയെ നൽ കൽ എന്നിവക്ക് നിലവിലുള്ള കിഴിവിനു പകരമായി 40,000 രൂപയുടെ സ്റ്റാൻഡർഡ് നിരക്ക്. ശമ്പളം പറ്റുന്ന ജീവനക്കാർക്കും പെൻഷൻകാർക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

- **<u>മുതിർന്ന പൗരന്മാർക്കായി നിർദ്ദേശിച്ചിട്ടുള്ള ഇളവുകൾ :</u>**
- ബാങ്കുകളിലും പോസ്റ്റ് ഓഫീസുകളിലുമുള്ള നിക്ഷേപങ്ങളിന്മേൽ പലിശയിനത്തിലുള്ള ആദായത്തിൽ ഇളവ് 10,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തി.
- സെക് ഷൻ 194എ അനുസരിച്ച് ടി ഡി എസ് വസൂലാക്കേണ്ട ആവശ്യമില്ല. ഈ ഇളവ് എല്ലാ സ്ഥിര നിക്ഷേപ പദ്ധതികളിൽ നിന്നും റിക്കറിംഗ് നിക്ഷേപ പദ്ധതികളിൽ നിന്നുമുള്ള പലിശയിന്മേലും ലഭ്യമാണ്.
- സെക് ഷൻ 80ഡി അനുസരിച്ച് ആരോഗ്യ ഇൻഷൂറൻസ് പ്രീമിയം കൂടാതെ/അല്ലെങ്കിൽ ചികിത്സാ ചെലവ് എന്നിവയിൽ കുറക്കാവുന്ന തുകയുടെ പരിധി 30,000 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തി.
- സെക് ഷൻ 80 ഡിഡിബി അനുസരിച്ച് ഗുരുതരമായ ചില രോഗങ്ങൾ ഉള്ള ചികിത്സാ ചെലവിൽ നിന്നും കുറക്കാവുന്ന തുകയുടെ പരിധി 60,000 രൂപയിൽ നിന്നും മുതിർന്ന പൗരന്മാരുടെ കാര്യത്തിൽ 80,000 രൂപയിൽ നിന്നും 1 ലക്ഷം രൂപയായി ഉയർത്തി.
- പ്രധാന മന്ത്രി വയ വന്ദനാ യോജന മാർച്ച് 2020 വരെ നീട്ടാൻ നിർദ്ദേശം.
- മുതിർന്ന പൗരന്മാർ ഉള്ള നിലവിലെ 7.5 ലക്ഷം രൂപയുടെ നിക്ഷേപ പരിധി 15 ലക്ഷം രൂപയായി ഉയർത്താൻ നിർദ്ദേശം.

## <u>നികുതി സംബന്ധിച്ച വിശദാംശങ്ങൾ :</u>

- അന്താരാഷ്ട്ര സാമ്പത്തിക സേവന കേന്ദ്രങ്ങളിൽ (ഐ എഫ് എസ് സി) സ്ഥിതി ചെയ്യുന്ന സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കാനായി ഐ എഫ് എസ് സികൾക്ക് കൂടുതൽ ഇളവുകൾ.
- റൊക്കം പണമിടപാടുകളിലൂന്നിയ സമ്പദ് വ്യവസ്ഥയെ നിയന്ത്രിക്കാനായി ട്രസ്റ്റുകളും സ്ഥാപനങ്ങളും 10,000 രൂപക്ക് മേൽ റൊക്കമായി പണം നൽകുന്നത് അനുവദനീയമല്ലാത്തതും അവ മേൽ നികുതി ചുമത്തപ്പെടുന്നതുമാണ്.
- 1 ലക്ഷം രൂപക്ക് മുകളിലുള്ള ദീർഘകാല മൂലധന നേട്ടത്തിന്മേൽ ഇൻഡക്സിംഗ് ആനുകൂല്യമില്ലാതെ നികുതി. എന്നാൽ 31 ജനുവരി 2018ന്ന് മുൻപുള്ള എല്ലാ നേട്ടങ്ങളും ഈ നിബന്ധനയിൽ നിന്നും ഒഴിവായിരിക്കും.
- ഓഹരി അധിഷ്ഠിത മ്യൂച്വൽ ഫണ്ടുകൾ പങ്കിട്ടു കൊടുക്കുന്ന ആദായത്തിന്മേൽ 10% നികുതി ചുമത്താൻ നിർദ്ദേശം.
- വ്യക്തിഗത ആദായ നികുതി, കോർപ്പറേറ്റ് നികുതി എന്നിവയിന്മേലുള്ള സെസ്സ് 3 ശതമാനത്തിൽ നിന്നും 4 ശതമാനമായി ഉയർത്താൻ നിർദ്ദേശം.
- പരോക്ഷ നികുതി സമാഹരണത്തിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്താൻ ഇതിലുൾപ്പെട്ട വ്യക്തികൾ തമ്മിൽ തമ്മിലുള്ള മുഖാമുഖ സമ്പർക്കം മിക്കവാറും ഒഴിവാക്കാനായി രാജ്യവ്യാപകമായി ഇ-അസെസ്സ്മെന്റ് ആരംഭിക്കാൻ നിർദ്ദേശം.
- രാജ്യത്ത് കൂടുതൽ തൊഴിൽ സൃഷ്ടിക്കണം, രാജ്യത്തിനകത്ത് ഉന്നന്നങ്ങളുടെ മൂല്യവർദ്ധനക്കും ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം, ഇലക്ട്രോണിക്സ്, വാഹനങ്ങളുടെ പാർട്ടുകൾ, പാദരക്ഷകൾ, ഫർണിച്ചർ തുടങ്ങിയ മേഖലകളിൽ 'മെക്ക് ഇൻ ഇന്ത്യ'യും പ്രോത്സാഹനം നൽകാനുമായി കസ്റ്റംസ് തീരുവയിൽ നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ.



## പ്രമുഖ വിവരങ്ങൾ - സാമ്പത്തിക വിശദാംശങ്ങൾ
## സാമ്പത്തിക വർഷം 2018 ലെ മൂന്നാം ക്വാർട്ടർ (ഡിസംബർ2017)

- മൊത്തലാഭം 42.9% വർഷാ-വർഷ വർദ്ധനയോടു കൂടി സാമ്പത്തിക വർഷം 2017 ലെ മൂന്നാം ക്വാർട്ട റിലെ 1981 കോടി രൂപയിൽ നിന്ന് 2831 കോടി രൂപയായി ഉയർന്നു.
- ചെലവ് കഴിച്ചുള്ള ലാഭം മുൻവർഷത്തെ 322 കോടി രൂപ യെ അപേക്ഷിച്ച് 126 കോടി രൂപയായി.
- പലിശയിനത്തിൽ അറ്റാദായം 52.4 % വർഷാ-വർഷ വർദ്ധനയോടുകൂടി സാമ്പത്തിക വർഷം 2017 ലെ മൂന്നാം ക്വാർട്ട റിലെ 2414 കോടി രൂപയിൽ നിന്ന് 3679 കോടി രൂപയായി ഉയർന്നു.
- മൊത്ത വരുമാനം (പലിശയിനത്തിൽ അറ്റാദായം+ പലിശേതരയിനത്തിൽ അറ്റാദായം) 24.7% വർഷാ-വർഷ വർദ്ധനയോടു കൂടി 5245 കോടി രൂപയായി ഉയർന്നു.
- പലിശേതര ആദായം 1566 കോടി രൂപ.
  - *എഴുതിത്തള്ളിയ ആസ്തികൾ തിരിച്ചു പിടിക്കുന്നതിലുണ്ടായ വർദ്ധന കാരണം ( (134% വർഷാ-വർഷ വർദ്ധന) ട്രേഡിംഗിൽ നിന്നുള്ള ലാഭം ഒഴിച്ച് പലിശേതര ആദായത്തിൽ 11% വർഷാ-വർഷ വർദ്ധന*
- ഗ്ലോബൽ ബിസിനസ്സ് മുൻവർഷത്തെ അപേക്ഷിച്ച് 4.16% വർഷാ-വർഷ വർദ്ധനയോടു കൂടി 8.77 ലക്ഷം കോടിയായി ഉയർന്നു.
  - *മൊത്തം വായ്പ 12.5% വളർ ച്ചയോടു കൂടി 3.73 ലക്ഷം കോടി രൂപ*
  - *ഗ്ലോബൽ നിക്ഷേപം 5.04 ലക്ഷം കോടി രൂപ*

- ആസ്തികളുടെ ശക്തമായ വളർച്ച (വർഷാ-വർഷം)- പ്രത്യേകിച്ചും തിരിച്ചടക്കാതിരിക്കാനുള്ള സാദ്ധ്യതകൾ കുറഞ്ഞ വായ്പകൾ
    - *കൃഷി (14.80%), തീരെ ചെറിയവ, ചെറുകിട-ഇടത്തരം ഉദ്യമങ്ങൾ (15.65%), ചില്ലറ വായ്പകൾ (32.87%), പ്രത്യക്ഷ ഗൃഹവായ്പകൾ (22.29%), വാഹനവായ്പകൾ (33.21%), വിദ്യാഭ്യാസം (11.85%), മറ്റ് വ്യക്തിഗത വായ്പകൾ (43.46%).*

- നോട്ട് നിരോധനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും കാസാ നിക്ഷേപത്തിൽ 2.53 ശതമാനത്തിന്റെ വർഷാ-വർഷ വർദ്ധനയോടെ 1.58 ലക്ഷം കോടി രൂപ കൂടി.
    - *ഗാർഹിക കാസാ നിക്ഷേപത്തിന്റെ പങ്ക് കഴിഞ്ഞ് വർഷത്തെ 32.12 ശതമാനത്തിൽ നിന്ന് 33.83 ശതമാനമായി ഉയർന്നു.*
- നിക്ഷേപത്തുകയിന്മേലുള്ള ചെലവ് കഴിഞ്ഞ് വർഷത്തെ 6.31 ശതമാനത്തിൽ നിന്ന് 72 ബേസിസ് പോയന്റ് കുറഞ്ഞ് 5.59 ശതമാനമായി.
- പലിശയുടെ മൊത്തം മാർജിൻ (ഗാർഹികം) 2.64 ശതമാനവും ഗ്ലോബൽ മാർജിൻ 2.39 ശതമാനവുമായി.
- വരവ്-ചെലവ് അനുപാതം 51.25 ശതമാനത്തിൽ നിന്ന് 47.36 ശതമാനമായി കുറഞ്ഞു.
- മൊത്തം നിഷ്ക്രിയ ആസ്തികളുടെ അനുപാതം സപ്തംബർ 2017ൽ 10.51 ശതമാനമായിരുന്നത് ക്രമേണ കുറഞ്ഞ് 10.38 ശതമാനമായി.
- പലിശയും നീക്കിയിരിപ്പു തുകയും കഴിച്ചുള്ള നിഷ്ക്രിയ ആസ്തിയുടെ അനുപാതം സപ്തംബർ 2017ൽ 7.02 ശതമാനമായിരുന്നത് ക്രമേണ കുറഞ്ഞ് 6.78 ശതമാനമായി.
- ഈ മൂന്നുമാസ കാലയളവിൽ രൊക്കം പണമായി തിരിച്ചുപിടിച്ച മൊത്തം തുക 1527 കോടി രൂപ.
- വായ്പകളിന്മേലുള്ള നീക്കിയിരിപ്പു തുകയുടെ അനുപാതം കഴിഞ്ഞ വർഷത്തെ 52.52 ശതമാനത്തിൽ നിന്ന് 55.81 ശതമാനമായി ഉയർന്നു.
- മൂലധന പര്യാപ്തതാ അനുപാതം കഴിഞ്ഞ വർഷത്തെ 12.28 ശതമാനത്തിൽ നിന്നും 12.49 ശതമാനമായി ഉയർന്നു.
- ശാഖകളുടെ എണ്ണം 6179ഉം എ ടി എമ്മുകളുടെ എണ്ണം 9743 ഉം ആയി.
- ഈ-ഇടപാടുകളുടെ അനുപാതം കഴിഞ്ഞ വർഷത്തെ 42.0 ശതമാനത്തിൽ നിന്നും 76.22 ശതമാനമായി ഉയർന്നു.
    - *76.38 ലക്ഷം മൊബൈൽ ബാങ്കിങ്ങ് ഉപയോക്താക്കൾ, 43.7 ലക്ഷം നെറ്റ് ബാങ്കിങ്ങ് ഉപയോക്താക്കൾ*

- ആസ്തികളിന്മേലുള്ള പ്രതിലാഭം (അരവാർഷികം) 0.15 ശതമാനവും ഓഹരികളിന്മേലുള്ള പ്രതിലാഭം (അരവാർഷികം) 3.14 ശതമാനവുമായി ഉയർന്നു.
- പലിശയിനത്തിലുള്ള ചെലവിൽ 9.89% കുറവ് കാരണം മൊത്തം ചെലവിൽ 5.83 % കുറവ്.

#####



# എഫ്.സി.എൻ.ആർ. (ബി) നിക്ഷേപം

## ഫോറിൻ കറൻസി (നോൺ റസിഡന്റ്) അക്കൗണ്ട് (ബാങ്ക്) സ്കീം

- അക്കൗണ്ട് അഞ്ചു കറൻസികളിൽ തുറക്കാം- യു എസ് ഡോളർ, ജി.ബി പൗണ്ട്, യൂറോ, ഓസ്ട്രേലിയൻ ഡോളർ, കനേഡിയൻ ഡോളർ

- എൻ ആർ ഐ (പ്രവാസി ഭാരതീയർ) / പി ഐ ഒ (ഇന്ത്യൻ വംശജനായ വ്യക്തി) എന്നിവർക്ക് അക്കൗണ്ട് തുറക്കാവുന്നതാണ്.

- പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ വ്യക്തികളോ സ്ഥാപനങ്ങളോ അക്കൗണ്ട് തുറക്കാൻ ഭാരതീയ റിസർവ് ബാങ്കിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം.

- സ്ഥിര നിക്ഷേപങ്ങളും കാമധേനു നിക്ഷേപങ്ങളും മാത്രം അനുവദനീയം. കൂടിയ അവധി. എല്ലാ കറൻസികൾക്കും 5 വർഷം.

- ഏറ്റവും കുറഞ്ഞ അവധി. കാമധേനു നിക്ഷേപത്തിന് 1 വർഷവും 1 മാസവും സ്ഥിരനിക്ഷേപത്തിന് 1 വർഷവും.

- എഫ് സി എൻ ആർ (ബി) നിക്ഷേപത്തിന്റെ ഏറ്റവും വലിയ മെച്ചങ്ങളിലൊന്ന് അക്കൗണ്ട് വിദേശ കറൻസിയിലാണ് എന്നതത്രെ; അതുകൊണ്ടു തന്നെ ഇവ

വിദേശ നാണ്യ മാറ്റ നിരക്കുകളിൽ നിരന്തരം സംഭവിക്കുന്ന ഏറ്റകുറച്ചിലുകൾ മൂലമുണ്ടാക്കുന്ന നഷ്ടസാദ്ധ്യതകൾക്ക് വിധേയമാക്കുന്നില്ല.

- നിക്ഷേപത്തുക വിദേശരാജ്യത്തേക്ക് തിരിച്ചുകൊണ്ടുപോകാവുന്നതാണ്.

- നാമനിർദ്ദേശം ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.

- നിക്ഷേപം ആദായ നികുതി / സ്വത്ത് നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്ന നിക്ഷേപത്തുകയിന്മേൽ ലഭിക്കുന്ന പലിശ ഇന്ത്യയിലെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

- 1 വർഷത്തിനു ശേഷം പിൻവലിക്കുകയാണെങ്കിൽ ബാധകമായ പലിശയിൽ 1% പിഴ ചുമത്തുന്നതാണ്.

- 1 വർഷം തികയും മുമ്പ് പിൻവലിച്ചാൽ പലിശ നൽകപ്പെടുന്നതല്ല.

- പ്രവാസി ഭാരതീയർക്ക് തങ്ങളുടെ അടുത്ത ബന്ധുക്കളുമായി ചേർന്ന് 'ആദ്യം സൂചിപ്പിച്ചയാളോ' ശേഷിച്ചയാളോ (ഫോർമർ ഓർ സർവൈവർ) എന്ന അടിസ്ഥാനത്തിൽ എഫ് സി എൻ ആർ (ബി) അക്കൗണ്ട് തുറക്കാവുന്നതാണ്. നിലവിലിരിക്കുന്ന നിർദ്ദേശങ്ങളനുസരിച്ച്, ഇന്ത്യയിൽ താമസിക്കുന്ന അടുത്ത ബന്ധുവിന് പ്രവാസി ഇന്ത്യക്കാരന്റെ / ഭാരതീയ വംശജന്റെ ജീവിതകാലത്ത് മുക്ത്യാർനാമാവായി അക്കൗണ്ട് ഇടപാടുകൾ നടത്താവുന്നതാണ്.

- മാർജിൻ തുക സംബന്ധിച്ച വ്യവസ്ഥകൾ, രേഖകളിൽ ഒപ്പിടൽ, പലിശ നിരക്ക്, നിക്ഷേപം കൈവശം വെക്കാനുള്ള അധികാരം കുറിക്കൽ, വായ്പയുടെ ഉദ്ദേശ്യം, തിരിച്ചടക്കൽ തുടങ്ങിയവക്ക് വിധേയമായി, തുക സംബന്ധിച്ച് യാതൊരു പരിമിതിയുമില്ലാതെ നിക്ഷേപകർക്കോ, മൂന്നാമതൊരാൾക്കോ എഫ് സി ആർ നിക്ഷേപത്തിന്റെ ഈടിന്മേൽ വായ്പ ലഭിക്കുന്നതാണ്.

#####



വ്യത്യസ്തങ്ങളായ നിക്ഷേപ സൗകര്യങ്ങൾ / ഇൻഷ്വറൻസ് / മ്യൂച്ചൽഫണ്ട് സ്കീമുകൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകളിൽ ക്ലിക്കു ചെയ്യുക:

**LIFE INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**HEALTH INSURANCE:**

http://www.canarabank.com/english/health-insurance/

**GENERAL INSURANCE:**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**INVESTMENT FACILITIES FOR NRIs:**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**MUTUAL FUNDS:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**DEPOSITORY SERVICES:**

http://www.canarabank.com/english/bank-services/personal-banking/depository-services/




**EXCLUSIVE HOUSING LOAN SCHEME FOR NON-RESIDENT INDIANS**

**For details please visit:**

http://www.canarabank.com/english/bank-services/nri-banking/loans-advances/home-loan-for-nris-scheme/

# നിങ്ങളുടെ മൊബൈൽ നമ്പർ റജിസ്റ്റർ ചെയ്യുക



**റജിസ്റ്റർ ചെയ്താൽ താഴെപ്പറയുന്നവയുടെ എസ് എം എസ് അലർട്ടുകൾ ലഭ്യമാക്കും :**

1. *ബാങ്ക് വഴിയോ എ ടി എം വഴിയോ നടത്തിയ ഇടപാടുകൾ*
2. *വൺ ടൈം പാസ് വേർഡ് (ഒ ടി പി)*
3. *ഇന്റർനെറ്റ് ബാങ്കിംഗ് പോർട്ടലിൽ ലോഗ് ഇൻ ചെയ്തതിന്റെ സെക്യൂരിറ്റി അലർട്ട്*
4. *വായ്പ സംബന്ധമായ എസ് എം എസ്*
5. *സുപ്രധാന സൂചനകൾ*

## *റ്റ് ബാങ്കിംഗ് സമ്പ്രദായം ഉപയോഗിക്കുന്ന ചെറുകിട ഇട പാടുകാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ*

ഞങ്ങളുടെ വെബ്സൈറ്റിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാണ്:
www.canarabank.in

നെറ്റ് ബാങ്കിംഗ് ഡെമോയ്ക്കായി, തുടർന്നു വരുന്ന ലിങ്കിൽ ക്ലിക്കു ചെയ്യുക:
https://www.canarabank.in/English/Scripts/IMBTutorial/home.html

നെറ്റ് ബാങ്കിംഗിന്റെ ചെറുകിട ഇടപാടുകാർക്ക് ഉപഭോക്തൃസേവനം കൂടുതൽ ഫല പ്രദമാക്കുന്നതിലേയ്ക്ക്:

1. **യൂസർ ക്രിയേഷൻ**
2. **റീസെറ്റ്**
3. **അൺലോക്ക്**
4. **ആക്ടിവേറ്റു ചെയ്യുക**
5. **ഇടപാടിനുള്ള പാസ്വേർഡ് ഉണ്ടാക്കുക**

केनरा बैंक Canara Bank

A Government of India Undertaking

Together We Can

# Balance Enquiry through Missed Call

## Missed call facility for NRI Customers

| Mobile Number | Service |
|---|---|
| 00919015483483 | നീക്കിബാക്കി അന്വേഷണം |
| 00919015778668 | എൻ.ആർ.ഐ. ഉപഭോക്താക്കൾക്ക് ഭവന വായ്പാന്വേഷണം |
| 00919015257257 | എച്ച്.എൻ.ഐ. ഉപഭോക്താക്കൾക്ക് ഭവനവായ്പാന്വേഷണം |
| 00919015642642 | വാഹന വായ്പാന്വേഷണം |
| 00919015637637 | ഭവന വായ്പാന്വേഷണം |
| 00919015613613 | 3 അക്കൗണ്ടുകളിലെ ബാലൻസ് ഹിന്ദിയിൽ അന്വേഷിക്കുന്നത് |
| 00919015734734 | അവസാനത്തെ 5 പണമിടപാടുകളെക്കുറിച്ചുള്ള അന്വേഷണം |

- ബാങ്കിൽ രജിസ്റ്റർ ചെയ്ത സ്വന്തം മൊബൈൽ നമ്പറിൽ നിന്ന്, ഉപഭോക്താവിന് മേൽക്കാണിച്ച് ഏതു നമ്പറുകളിലേയ്ക്കും വിളിക്കാം. ഉടനടി കോൾ സ്വയം വിഛേദിക്കപ്പെടും. (ഇതു സേവനദാതാവിനെ ആശ്രയിച്ചിരിക്കും) അങ്ങനെ സംഭവിച്ചില്ലെങ്കിൽ ഇതുവിഛേദിക്കാം. മുകളിൽ കാണിച്ച നമ്പറുകളിലേയ്ക്കുള്ള ഇത്തരം വിളികൾ മിസിഡ് കോൾ ആയി പരിഗണിക്കും.

- തുടർന്ന്, ആവശ്യപ്പെട്ട സേവനത്തെ സംബന്ധിച്ച് ഉപഭോക്താവിന് എസ്സ്.എം.എസ്സ്. ലഭിക്കും.

- ബാങ്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറുള്ള ഉപഭോക്താവിന്റെ ഐഡിയുമായി ബന്ധപ്പെട്ട പരമാവധി 3 സി.എ.എസ്.എ. അക്കൗണ്ടുകളിൽ നിന്നുള്ള നീക്കിബാക്കി വിവരങ്ങൾ ലഭ്യമാകും. അക്കൗണ്ടു വിവരങ്ങൾ ലഭ്യമാകുന്നത് എസ്.ബി, സി.എ.ഒ.ഡി.സി.സി. എന്ന ക്രമത്തിലായിരിക്കും.

- ഇതൊരു മിസ്ഡ് കോൾ ആയതിനാൽ ചാർജ് ഈടാക്കുന്നതല്ല.

- ബാലൻസ് വിവരങ്ങൾ എവിടെ നിന്നും / ഏതു സമയത്തും ഉപഭോക്താവിനു ലഭ്യമാണ്.



*താങ്കളുടെ പണം സുരക്ഷിതമായി താങ്കളുടെ സ്വന്തം ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ഉതകുന്ന രീതിയിൽ വളരെ മെച്ചപ്പെട്ട പലിശ നിരക്കുകൾ താഴെ പറയുന്ന പ്രവാസി നിക്ഷേപങ്ങൾ വഴി നല്കുന്നതാണ്.*

**എഫ്.സി.എൻ.ആർ. നിക്ഷേപനിരക്കുകൾ (വാർഷിക %)***

*(01.02.2018* **മുതൽ***)*

| നിക്ഷേപ കാലാവധി | CURRENCY OF DEPOSITS | | | | |
|---|---|---|---|---|---|
| | USD | GBP | EUR | CAD | AUD |
| *1 വർഷവും അതിനു മുകളിൽ 2 വർഷത്തിന് താഴെ* | 2.84 | 1.21 | 0.26 | 2.56 | 2.38 |
| *2 വർഷവും അതിനു മുകളിൽ 3 വർഷത്തിന് താഴെ* | 3.06 | 1.43 | 0.38 | 2.70 | 2.56 |
| *3 വർഷവും അതിനു മുകളിൽ 4 വർഷത്തിന് താഴെ* | 3.19 | 1.59 | 0.58 | 2.84 | 2.73 |
| *4 വർഷവും അതിനു മുകളിൽ 5 വർഷത്തിന് താഴെ* | 3.26 | 1.70 | 0.79 | 2.91 | 3.01 |
| *5 വർഷത്തേക്ക് മാത്രം* | 3.32 | 1.79 | 0.97 | 2.95 | 3.12 |

കുറിപ്പ്:മേൽപ്പറഞ്ഞ പലിശ നിരക്കുകൾ ഒരു വില്ല്യൻ യു.എസ്.ഡോളർ താഴെയുള്ള എഫ്.സി.എൻ.ആർ ഡെപ്പോസിറ്റുകൾക്കു (മറ്റു കറൻസികളിൽ തത്തുല്യമായ തുക) മാത്രമേ ബാധകമാകൂ. ഒരു മില്ല്യൻ യു.എസ്.ഡോളർ (മറ്റു കറൻസികളിൽ തത്തുല്യതുക) മുകളിലുള്ള ഡെപ്പോസിറ്റുകൾക്ക് പലിശ നിരക്കിനായി ഞങ്ങളുടെ ബ്രാഞ്ചുമായി ബന്ധപ്പെടുക.

**എൻ.ആർ.ഇ. (NRE) നിക്ഷേപനിരക്കുകൾ * (06.02.2018 മുതൽ)**

| *നിക്ഷേപ കാലാവധി* | *RATE OF INTEREST (% PA)* | |
|---|---|---|
| | *Less than Rs.1.00 Crore* | *Rs.1.00 Crore & above* |
| *1 വർഷം* | 6.50 | 6.35 |
| *1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ* | 6.45 | 6.25 |
| *2 വർഷവും അതിന് മുകളിൽ 3 വർഷത്തിൽ താഴെ* | 6.20 | 6.25 |
| *3 വർഷവും അതിന് മുകളിൽ 5 വർഷത്തിൽ താഴെ* | 6.20 | 4.90 |
| *5 വർഷവും അതിന് മുകളിൽ 8 വർഷത്തിൽ താഴെ* | 6.00 | 4.90 |
| *8 വർഷവും അതിന് മുകളിൽ 10 വർഷം വരെ* | 6.00 | 4.90 |
| ***444/555 ദിവസം (കാനറാ ശിഖർ)* | 6.50 | -- |

10 കോടി രൂപക്ക് മുകളിൽ ഉള്ള നിക്ഷേപങ്ങളുടെ പലിശ വിവരം അറിയുവാൻ ബ്രാഞ്ച് മാനേജറെ സമീപിക്കുക.

| NRE /NRO സേവിങ്സ് ബാങ്ക് നിക്ഷേപനിരക്കുകൾ 01.09.17 മുതൽ | |
|---|---|
| 50 ലക്ഷം വരെ ബാലൻസ് | 3.50% |
| 50 ലക്ഷത്തിന് മുകളിൽ ബാലൻസ് | 4.00% |

## എൻ.ആർ.ഒ. (NRO) സ്ഥിര നിക്ഷേപങ്ങൾ* (06.02.2018 മുതൽ)

| നിക്ഷേപ കാലാവധി | RATE OF INTEREST (% PA) | |
|---|---|---|
| | Less than Rs.1.00 Crore | Rs.1.00 Crore & above |
| 7 മുതൽ 14 ദിവസം വരെ | 4.20 | 5.30 |
| 15 മുതൽ 30 ദിവസം വരെ | 4.20 | 5.30 |
| 31 മുതൽ 45 ദിവസം വരെ | 4.50 | 5.30 |
| 46 മുതൽ 60 ദിവസം വരെ | 4.75 | 6.30 |
| 61 മുതൽ 90 ദിവസം വരെ | 4.75 | 6.30 |
| 91 മുതൽ 120 ദിവസം വരെ | 5.50 | 6.30 |
| 121 മുതൽ 179 ദിവസം വരെ | 5.75 | 6.30 |
| 180 മുതൽ 269 ദിവസം വരെ | 6.35 | 6.35 |
| 270 ദിവസം മുതൽ 1 വർഷത്തിൽ താഴെ | 6.35 | 6.35 |
| 1 വർഷത്തേയ്ക്ക് മാത്രം | 6.50 | 6.35 |
| 1 വർഷത്തിന് മുകളിൽ, 2 വർഷത്തിൽ താഴെ | 6.45 | 6.25 |
| 2 വർഷവും അതിനു മുകളിൽ, 3 വർഷത്തിൽ താഴെ | 6.20 | 6.25 |
| 3 വർഷവും അതിനു മുകളിൽ, 5 വർഷത്തിൽ താഴെ | 6.20 | 4.90 |
| 5 വർഷവും അതിനു മുകളിൽ 8 വർഷത്തിൽ താഴെ | 6.00 | 4.90 |
| 8 വർഷവും അതിനു മുകളിൽ 10 വർഷം വരെ | 6.00 | 4.90 |
| **444/555 ദിവസം (കാനറാ ശിഖർ) | 6.50 | -- |

*# നിരക്കുകൾ അഞ്ച് ലക്ഷത്തിന് മുകളിലുള്ള ഒരു നിക്ഷേപങ്ങൾക്ക് മാത്രം ബാധകം.*
** മേൽ പറഞ്ഞ നിരക്കുകളിൽ മാറ്റം വരാവുന്നതാണ്. നിരക്കുകൾ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.*
*വെബ്സൈറ്റ് ലിങ്ക്):* http://www.canarabank.com/english/quick-access/interest-rates/deposit-accounts-rates-at-a-quick-glance-as-per-rbi-format/

**കാനറാ ബാങ്ക് യാതൊരു വിവരവും ഈ-മെയിൽ വഴി അന്വേഷിക്കാറില്ല. പരിചയമില്ലാത്ത ഈ-മെയിൽ കാണുന്ന ഒരു ലിങ്കും ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ അപകടകരമായ കോഡുകളോ ഫിഷ് ചെയ്യാനുള്ള ശ്രമങ്ങളും ഉണ്ടാകാം.**

ഈ-മെയിൽ വഴിയോ, ഫോൺ വഴിയോ, മറ്റേതെങ്കിലും വഴിയോ ബാങ്ക് താങ്കളുടെ അക്കൗണ്ടിനെ സംബന്ധിച്ച ഒരു വിവരവും ചോദിക്കാറില്ല എന്നു മനസ്സിലാക്കുക.

*ഒരു യൂണിറ്റ് വിദേശ കറൻസിക്ക് തുല്യമായ ഇന്ത്യൻ രൂപയുടെ നിരക്കുകൾ*
*നിങ്ങളുടെ ബാങ്കിംഗ് അനുഭവം എളുപ്പവും ആസ്വാദ്യകരവും ആക്കാൻ ഞങ്ങളുടെ അടുത്ത വാർത്താ പത്രിക കാണുക. താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.*
*(ഞങ്ങളുടെ ഇ-മെയിൽ:* nrihub@canarabank.com

Disclaimer clause: The contents of this news bulletin are based on information received from various sources and while compiling every effort has been made to ensure that the information is accurate and authentic. Canara Bank does not accept any responsibility for interpretation of various rules or any errors / omissions in the news bulletin.